"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - കുടുംബശ്രീയുടെ സാനിറ്ററി നാപ്കിൻ നിർമ്മാണ യൂണിറ്റുകളെ ടെൻഡർ നടപടികളിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവ് ഒരു വർഷത്തേക്ക് പുതുക്കിക്കൊണ്ടും തദ്ദേശ സ്ഥാപനങ്ങളോടൊപ്പം മറ്റു സർക്കാർ വകുപ്പുകളിലെ സ്ഥാപനങ്ങൾക്ക് കൂടി ഉത്തരവ് ബാധകമാക്കിക്കൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഐ.എ)വകുപ്പ്**

സ.ഉ.(സാധാ) നം.1766/2026/LSGD തീയതി,തിരുവനന്തപുരം, 18-09-2026

---

പരാമർശം:-

1. 12.10.2020-ലെ സ.ഉ.(സാധാ)നം.1872/2020/LSGD.
2. 06.12.2024 -ലെ സ.ഉ.(സാധാ) നം.2381/2024/LSGD.
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.01.2026-ലെ 8791/D1/2022/KSHO നമ്പർ കത്ത്.

**ഉത്തരവ്**

കുടുംബശ്രീയുടെ ഉപജീവന പ്രവർത്തനങ്ങളിൽ ഒന്നായ സാനിറ്ററി നാപ്കിൻ നിർമ്മാണ യൂണിറ്റുകളെ ടെൻഡർ നടപടികളിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള പരാമർശം (2) ഉത്തരവിന്റെ കാലാവധി കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ ആയതു പുതുക്കി നൽകണമെന്നും, തദ്ദേശ സ്ഥാപനങ്ങളോടൊപ്പം മറ്റു സർക്കാർ വകുപ്പുകളിലെ സ്ഥാപനങ്ങൾക്ക് കൂടി ഉത്തരവ് ബാധകമാക്കണമെന്നുമുള്ള കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീയുടെ ഉപജീവന പ്രവർത്തനങ്ങളിൽ ഒന്നായ സാനിറ്ററി നാപ്കിൻ നിർമ്മാണ യൂണിറ്റുകളെ ടെൻഡർ നടപടികളിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള പരാമർശം (2)-ലെ ഉത്തരവ് ഒരു വർഷത്തേക്ക് പുതുക്കിക്കൊണ്ടും തദ്ദേശ സ്ഥാപനങ്ങളോടൊപ്പം മറ്റു സർക്കാർ വകുപ്പുകളിലെ സ്ഥാപനങ്ങൾക്ക് കൂടി ഉത്തരവ് ബാധകമാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3)യന്ത്രങ്ങളുടെ സവിശേഷതകളും ഉൽപ്പന്നത്തിന്റെ ഗുണനിലവാരവും സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ഉറപ്പാക്കേണ്ടതും ആയതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്ന ചുമതല വഹിക്കേണ്ടതുമാണ്.

4)വിവിധ സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങളിലോ ഉൽപ്പാദന ശേഷിയിലോ ഏകീകൃത സ്വഭാവം ഇല്ലാത്തതിനാൽ, ഏറ്റവും കുറഞ്ഞ വിപണി നിരക്ക് അടിസ്ഥാനമാക്കി വില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (2) ഉത്തരവിലുള്ള വ്യവസ്ഥ തുടർന്നും ബാധകമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി ധർമലശ്രീ ഐ എ എസ്
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ധനകാര്യ (WCD) വകുപ്പ് (07/08/2026-ലെ WCD3/149/2024-Fin പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ്(എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ/ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്(IA1/76/2026-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Satheesh Kumar S
Date: 19-09-2026
10:38:16

സെക്ഷൻ ഓഫീസർ